## കരിങ്കൊടി പ്രതിഷേധത്തിനെതിരെ വിവേക് തൻഖ

കൊച്ചി : മന്ത്രി തോമസ് ചാണ്ടിക്ക് വേണ്ടി ഹാജരാകാനെത്തിയ തനിക്ക് നേരെ കരിങ്കൊടി പ്രതിഷേധമുണ്ടായെന്നും വാഹനം തടഞ്ഞെന്നും സുപ്രീം കോടതി അഭിഭാഷകനും കോൺഗ്രസ് രാജ്യസഭാംഗവുമായ വിവേക് തൻഖ ഹൈക്കോടതിയിൽ ബോധിപ്പിച്ചു. പൊതുപ്രവർത്തകനാവുന്നതിന് മുമ്പ് അഭിഭാഷകനായതാണ്. രാഷ്ട്രീയം നോക്കിയല്ല, നീതി തേടിയാണ് കോടതിയിൽ ഹാജരാകുന്നതെന്നും മദ്ധ്യപ്രദേശിൽ നിന്നുള്ള എം.പിയായ വിവേക് തൻഖ വിശദീകരിച്ചു.



## ഇന്ത്യൻ വോളി ടീം മുൻ പരിശീലകൻ അച്യുതക്കുറുപ്പ് ഓർമ്മയായി

വടകര: ദേശീയ വോളിബാൾ താരവും ഇന്ത്യൻ വോളി ടീമിന്റെ മുൻ പരിശീലകനുമായിരുന്ന അച്യുതക്കുറുപ്പ് (75) നിര്യാതനായി. ഇന്നലെ പുലർച്ചെ ബംഗളൂരുവിലായിരുന്നു അന്ത്യം. ഓർക്കാട്ടേരി സ്വദേശിയാണ്. 1986ൽസോളിൽ നടന്ന ഏഷ്യൻ ഗെയിംസിൽ വെങ്കലം നേടിയ ടീമിന്റെ ഇന്ത്യൻ ടീമിന്റെ പരിശീലകനായിരുന്നു.

എഴുപതുകളുടെ ആദ്യപാദങ്ങളിൽഇന്ത്യൻദേശീയജേഴ്സിയിൽ മിന്നൽപ്പിണരായ അച്യുതക്കുറുപ്പ് വിരമിച്ചശേഷം കോച്ചിംഗിൽ പരിശീലനം നേടി. തുടർന്ന് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ(സായി) യുടെ പരിശീലകനായും സേവനമനുഷ്ഠിച്ചു.1986ലാണ്ഇന്ത്യൻ ടീം പരിശീലകനായി കുറുപ്പ് എത്തുന്നത്. 1989ൽ ജപ്പാനിൽനടന്ന ഇന്റർ നാഷണൽ ഫ്രണ്ട്ഷിപ്പ് വോളി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ വെള്ളി നേടിയത് കുറുപ്പിന്റെ ശിക്ഷണത്തിലായിരുന്നു. 1982ൽ ഡൽഹി ഏഷ്യൻ ഗയിംസിൽ ഇന്ത്യൻ വനിതവോളീബോൾ ടീമിന്റെയും 87, 89 വർഷങ്ങളിലെ സാഫ് ഗെയിംസിൽ പുരുഷ ടീമിന്റെയും പരിശീലകസ്ഥാനവും അച്യുതക്കുറുപ്പ് വഹിച്ചിട്ടുണ്ട്. പഞ്ചാബ് സ്വദേശിനി കുസും ആണ് ഭാര്യ. ആനന്ദക്കുറുപ്പ്, അനുരാധ എന്നിവരാണ് മക്കൾ. ഇരുവരും ദേശീയ വോളി താരങ്ങളായിരുന്നു. സഹോദരൻ ഗോപിയും വോളിബോൾ താരമായിരുന്നു.

## ഡോക്ടർമാരുടെ പെൻഷൻപ്രായം അറുപതാക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 ൽ നിന്ന് 60 വയസായും മെഡിക്കൽ കോളേജുകളിലെ ഡാക്ടേർമാരുടെ പ്രായം 60 ൽ നിന്ന് 62 ആയും ഉയർത്തും. ഇന്ന് ചേരുന്ന മന്ത്രിസഭായോഗം തീരുമാനമെടുക്കും.

എൽ.ഡി.എഫ് തീരുമാനപ്രകാരമാണ് പെൻഷൻ പ്രായം കൂട്ടുന്നത്. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത സാഹചര്യത്തിലാണിത്. ഇന്ന് വിരമിക്കാനിരിക്കുന്ന നൂറുകണക്കിന് ഡോക്ടർമാർക്ക് ഇത് ആശ്വാസമാവും.

## ഏരിയാ സമ്മേളനത്തിൽ ജയരാജന് പിന്തുണ

കണ്ണൂർ: സി.പി.എം കണ്ണൂർ ഏരിയാ സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി പി.ജയരാജന് പ്രതിനിധികൾ പൂർണപിന്തുണ പ്രഖ്യാപിച്ചു.

ഏരിയാ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിന്മേലുള്ള ചർച്ചയിലാണിത്. ജീവകാരുണ്യ പ്രവർത്തനങ്ങളും മറ്റും സംഘടനയുടെ അടിത്തറ ശക്തിപ്പെടുത്താനാണെന്നും, സ്വന്തം പ്രതിച്ഛായ വർദ്ധിപ്പിക്കാനല്ലെന്നും പ്രതിനിധികൾ ചൂണ്ടിക്കാട്ടി. ജില്ലാ സെക്രട്ടറിക്കെതിരെ സംസ്ഥാന സമിതിയിലുണ്ടായ വിമർശനങ്ങൾ അദ്ദേഹത്തെ നിർവീര്യമാക്കില്ലെന്നും, കൂടുതൽ ശോഭയോടെ ജ്വലിച്ച നിൽക്കാൻ ഊർജ്ജം പകരുമെന്നും പ്രതിനിധികളിൽ ചിലർ ചൂണ്ടിക്കാട്ടി. ആർ.എസ്.എസ് ആക്രമണത്തെ പ്രതിരോധിക്കാൻ അണികൾക്കൊപ്പം നിന്ന ജയരാജൻ രണ്ടു കൊലക്കേസിൽ ഉൾപ്പെടെ പ്രതിപ്പട്ടികയിലുള്ളയാളാണ്. ക്രൂരമായ ആർ.എസ്.എസ് ആക്രമണത്തിനും ജയരാജൻ വിധേയനായിട്ടുണ്ടെന്ന് പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

## പാർട്ടിയുടെ ശക്തി അണികളാണ് : പി. ജയരാജൻ

കണ്ണൂർ: ഏതെങ്കിലും നേതാക്കളല്ല, അണികളാണ് പാർട്ടിയുടെ ശക്തിയെന്ന് സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ പറഞ്ഞു. സി.പി.എം കണ്ണൂർ ഏരിയാസമ്മേളനം ശിക്ഷക് സദനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. കണ്ണിലെ കൃഷ്ണമണി പോലെ പാർട്ടിയെ സംരക്ഷിക്കുന്ന വലിയൊരു വിഭാഗം പ്രവർത്തകരുണ്ട്. എതിരാളികൾ പാർട്ടി പതാക നശിപ്പിക്കുന്നത് തടയാൻ രാവും പകലും കാവലിരുന്ന പ്രവർത്തകരെ ചില സമ്മേളനങ്ങളിൽ കണ്ടിട്ടുണ്ട്. സി.പി.എമ്മിനെ നിരന്തരം എതിർത്തവർ പോലും ചെങ്കൊടിയേന്തി പാർട്ടിയിലേക്ക് വരുന്നത് പല വിരുതന്മാർക്കും സഹിക്കുന്നില്ല. ത്യാഗപൂർണമായ പ്രവർത്തനങ്ങളാണ് സി.പി.എമ്മിന്റെ ശക്തി. സി.പി.എം ഒരിക്കലും അക്രമത്തിന് കൂട്ടുനിൽക്കില്ല. അക്രമത്തെ പ്രതിരോധിക്കുക മാത്രമാണ് ചെയ്യുന്നത്. ജയരാജൻ പറഞ്ഞു.

# റേഷൻ കാർഡില്ല, മുരളിയുടെ ചികിത്സയ്ക്കുള്ള വഴിയുമടഞ്ഞു

**KAUMUDI SPECIAL**

▸ **കോവളം സതീഷ്കുമാർ**

മുരളി

തിരുവനന്തപുരം: കാൻസറിന്റെ വേദനയേക്കാളുമധികമായിരുന്നചികിത്സയ്ക്കുള്ളവഴികളടയുന്നു എന്ന തിരിച്ചറിവ് മുരളിക്ക് നൽകിയത്. സഹായത്തിന് ഉറ്റവരോ ഉടയവരോ ഇല്ലാതെ വഴിയരികിൽ കിടന്നുറങ്ങുന്ന മുരളിക്ക് സർക്കാരിന്റെ ചികിത്സാ സഹായം കിട്ടാതിരിക്കാൻ ഒറ്റ കാരണമേയുള്ളൂ. റേഷൻകാർഡോ ആധാർകാർഡോ ഇല്ല.

ഇവയുണ്ടായിരുന്നെങ്കിൽ ചികിത്സ സാദ്ധ്യമായേനേ. വിലാസമില്ലാത്തവന് എങ്ങനെ റേഷൻ കാർഡോ ആധാറോ കിട്ടും. കുട്ടിക്കാലത്ത് തെരുവിൽ എത്തിയതാണെന്നാണ് 52 കാരനായ മുരളി പറയുന്നത്. കരമനനെടുങ്കാടാണ് സ്വദേശം എന്ന മാത്രമേ അറിയാവൂ.

ശ്രീകണ്ഠേശ്വരം ക്ഷേത്രനടയിൽ ഇരിക്കുമ്പോൾ ആരെങ്കിലും ഒരു പൊതിച്ചോറ് നൽകും. പിന്നെ കടയിൽ പോയി ഒരു ബീഡി വാങ്ങി വലിച്ച് എവിടെയെങ്കിലും പോയി കിടന്നുറങ്ങും. അതാണ് ശീലം. അടുത്തിടെ,കാൻസർബാധയെതുടർന്ന് ആർ.സി.സിയിൽ ചികിത്സ തേടിയെത്തിയ മുരളിയോട് ഡോക്ടർ ആദ്യമേ ചോദിച്ചു, ആധാറുണ്ടോ? ഇല്ലെന്ന്മുരളി പറഞ്ഞപ്പോൾ അടുത്ത ചോദ്യം എത്തി, റേഷൻ കാർഡ്?

കടത്തിണ്ണയിൽ കിടന്നുറങ്ങുന്ന എനിക്കെവിടെയാ ഡോക്ടറേ റേഷൻ കാർഡെന്ന് മുരളി നിഷ്കളങ്കമായി പറഞ്ഞു.

ചികിത്സാ സഹായം ലഭ്യമാക്കാനുള്ള മാർഗത്തിനായാണ് ഡോക്ടർ ഈ രേഖകളുണ്ടോ എന്ന് അന്വേഷിച്ചത്. ഇല്ലെന്ന് പറഞ്ഞപ്പോൾ ഡോക്ടർ മുരളിക്ക് മുന്നിൽ തന്റെ നിസ്സഹായാവസ്ഥ അറിയിച്ചു. ചികിത്സയ്ക്ക് ഒരുപാട് പണമാകും. സർജറിക്കു തന്നെ അമ്പതിനായിരം രൂപയാകും. കാരുണ്യ പദ്ധതി പ്രകാരം സാമ്പത്തിക സഹായം കിട്ടണമെങ്കിൽ റേഷൻ കാർഡ് വേണം.

അടുത്ത ദിവസം ഉച്ചയ്ക്ക് ഭക്ഷണപ്പൊതി നൽകിയ ജ്വാല ഫൗണ്ടേഷനിലെഅശ്വതിയോട് മുരളി ഇക്കാര്യം പറഞ്ഞു. കാരുണ്യ പദ്ധതിയുടെ സഹായത്തിനുള്ള അപേക്ഷ തയ്യാറാക്കി മുരളിയുമായി അശ്വതി അധികാരികളെ സമീപിച്ചു. രോഗി ബി.പി.എൽ എന്ന് തെളിയിക്കുന്ന റേഷൻകാർഡായിരുന്നു ഉദ്യോഗസ്ഥർ ചോദിച്ചത്. അതില്ലാതെ നടക്കില്ല. സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസിലും അപേക്ഷയുമായി പോയി. അവരും കൈമലർത്തി.

അടുത്തിടെ വേദന കലശലായപ്പോഴാണ് മുരളി ജനറൽ ആശുപത്രിയിൽ പോയത്. കാൻസർആണെന്ന്വ്യക്തമായത്. ജനനേന്ദ്രിയത്തിനാണ് രോഗം ബാധിച്ചിരിക്കുന്നത്. തുടർന്ന് ആർ.സി.സിയിലേക്ക് റഫർ ചെയ്യുകയായിരുന്നു. 27നാണ് ആർ.സി.സിയിൽ ശസ്ത്രക്രിയ നടത്തേണ്ടത്. പണമില്ലെങ്കിൽ ശസ്ത്രക്രിയയുമില്ല

## ആർ.എസ്.എസ് പ്രവർത്തകന്റെ കൊലപാതകം: പ്രതികൾ കീഴടങ്ങി

ഗുരുവായൂർ: ഗുരുവായൂർ നെന്മിനിയിൽ ആർ.എസ്.എസ് പ്രവർത്തകൻ ആനന്ദിനെ വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ മൂന്നുപേർ പൊലീസിൽ കീഴടങ്ങി. ബ്രഹ്മകുളം സ്വദേശികളായ പുതുവീട്ടിൽ അബ്ദുൾസലീമിന്റെ മകൻ ഫായിസ് (25), നമ്പറമ്പത്ത് നാരായണൻകുട്ടിയുടെ മകൻ ജിതേഷ് (22), ബ്രഹ്മകുളം മന്നിക്കര അരീക്കരവീട്ടിൽ കുട്ടന്റെ മകൻ കാർത്തിക് (26) എന്നിവരാണ് ഇന്നലെ രാവിലെ ആറു മണിയോടെ പേരാമംഗലം പൊലീസ് സ്റ്റേഷനിലെത്തി കീഴടങ്ങിയത്.

നാലുവർഷം മുമ്പ് കൊല്ലപ്പെട്ട ഡി. വൈ. എഫ്.ഐ പ്രവർത്തകൻ ഫാസിലിന്റെ സഹോദരനാണ് ഫായിസ്. ഇയാളുടെ ഉടമസ്ഥതയിലുള്ള കാറിലെത്തിയായിരുന്ന പ്രതികൾ ആനന്ദിനെ കൊലപ്പെടുത്തിയത്. ഒളിവിൽപോയ പ്രതികളെ പിടികൂടാനായി പൊലീസ് കഴിഞ്ഞ ദിവസം ലുക്കൗട്ട് സർക്കുലർ പുറത്തിറക്കിയിരുന്നു. ഇതേത്തുടർന്നാണ് പ്രതികൾ കീഴടങ്ങിയത്. പ്രതികൾ സി.പി.എം അനുഭാവികളാണ്. പ്രതികളെ പേരാമംഗലം പൊലീസ് സ്റ്റേഷനിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചോദ്യം ചെയ്യുകയാണ്.

### പൊലീസിന്റെ വീഴ്ചയെന്ന് ആക്ഷേപം

ആനന്ദിന്റെ കൊലപാതകം പൊലീസിന്റെ വീഴ്ചയെന്ന് ആക്ഷേപം. ഡി.വൈ.എഫ്.ഐ പ്രവർത്തകൻ ഫാസിലിനെ കൊലപ്പെടുത്തിയ കേസിൽ രണ്ടാം പ്രതിയായിരുന്ന ആനന്ദ്. ഫാസിൽ കൊല്ലപ്പെട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും സി.പി.എം പ്രതികാരം ചെയ്യാത്തതിൽ ഫാസിലിന്റെ സഹോദരൻ ഫായിസ് അസ്വസ്ഥനായിരുന്നുവെന്നും ഇതേത്തുടർന്ന് ഇയാൾ സ്വയം പ്രതികാരം ചെയ്യാൻ തീരുമാനിക്കുകയായിരുന്നുവെന്നും പറയപ്പെടുന്നു.

# കേരളത്തിലെ ജില്ലാ ജഡ്ജി നിയമനം: ഹർജികൾ ഭരണഘടനാ ബെഞ്ചിന്

▸ **സ്വന്തം ലേഖകൻ**

ന്യൂഡൽഹി: 2015ലെ ജില്ലാ ജഡ്ജിമാരുടെ നിയമനപ്രക്രിയ ചോദ്യം ചെയ്യുള്ള ഹർജികൾ ഭരണഘടനാ ബെഞ്ചിന് വിടാൻ സുപ്രീംകോടതി തീരുമാനിച്ചു. ജസ്റ്റിസുമാരായ കുര്യൻ ജോസഫ്, ആർ. ഭാനുമതി എന്നിവരുൾപ്പെട്ട ബെഞ്ചിന്റേതാണ് തീരുമാനം.

കേരള ഹൈക്കോടതിയുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ നിയമനപ്രക്രിയയ്ക്കെതിരെ നിയമനം ലഭിക്കാത്ത 6 ഉദ്യോഗാർത്ഥികൾ നൽകിയ ഹർജികളാണ് പരിഗണിച്ചത്.

പരീക്ഷ കഴിഞ്ഞശേഷം ജില്ലാ ജഡ്ജിയുടെ നിയമനത്തിന് അധിക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചത് നിയമവിരുദ്ധമാണെന്നാണ് ഹർജിക്കാരുടെ വാദം.

മണിപ്പൂരിലെ ജില്ലാ ജഡ്ജി നിയമനവുമായി ബന്ധപ്പെട്ട് സമാനമായ കേസ് ഭരണഘടനാ ബെഞ്ചിന് വിട്ടിരുന്നു. മണിപ്പൂരിന്റെയും കേരളത്തിന്റെയും കേസുകൾ ഒരുമിച്ചായിരിക്കും പരിഗണിക്കുക.

### ഹർജിക്കാർ ചോദ്യം ചെയ്യുന്നത്:

അഭിമുഖ പരീക്ഷയിൽ ജനറൽ വിഭാഗത്തിൽ നിന്നുള്ളവർ ചുരുങ്ങിയത് 50 ശതമാനവും സംവരണ വിഭാഗത്തിൽ നിന്നുള്ളവർ കുറഞ്ഞത് 40 ശതമാനവും മാർക്ക് നേടിയാൽ മാത്രമേ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തുവെന്ന വ്യവസ്ഥ എഴുത്ത് പരീക്ഷ മുഴുവൻ പൂർത്തിയായ ശേഷമാണ് അഭിമുഖ പരീക്ഷയുടെ കാര്യത്തിൽ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി യോഗ്യതാ മാർക്ക് നിശ്ചയിച്ചത്.

ഈ മാർക്ക് നേടിയില്ലെന്ന കാരണം ചൂണ്ടിക്കാട്ടി ആറ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നിഷേധിച്ചു.

2011, 2012, 2014 വർഷങ്ങളിൽ നടന്ന ജില്ലാ ജഡ്ജി നിയമന പ്രക്രിയയിൽ അഭിമുഖ പരീക്ഷയ്ക്ക് കുറഞ്ഞ മാർക്ക് മാനദണ്ഡം ഇല്ലായിരുന്നു.

### ഹർജിക്കാരുടെ ആവശ്യം:

ഏകപക്ഷീയമായ തീരുമാനം ഭരണഘടനയുടെ 14,16 അനുച്ഛേദങ്ങളുടെയും 1961 ലെ കേരള ഹൈക്കോടതി ഹയർ ജുഡിഷ്യൽ ചട്ടങ്ങൾക്കും വിരുദ്ധമാണെന്നും അതിനാൽ അഭിമുഖ പരീക്ഷയിലൂടെ 40 ഓളം ഉദ്യോഗാർത്ഥികൾക്ക് നൽകിയ മാർക്ക് അസാധുവാക്കി വീണ്ടും അഭിമുഖ പരീക്ഷ നടത്തണമെന്നുമാണ്.

## ദേവസ്വം ഓർഡിനൻസിൽ ഗവർണർ ഒപ്പ് വച്ചു

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാലാവധി മൂന്ന് വർഷത്തിൽ നിന്ന് രണ്ട് വർഷമായി കുറച്ചുകൊണ്ടുള്ള ഓർഡിനൻസിൽ ഗവർണർ ഒപ്പ് വച്ചു.

ഇന്നലെ രാവിലെ 10.30ന് ഗവർണർ ഒപ്പിട്ട ഓർഡിനൻസ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിച്ചു. ഇതോടെ, രണ്ട് വർഷം പൂർത്തിയാക്കിയ കോൺഗ്രസ് നോമിനികളായ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, അംഗം അജയ് തറയിൽ എന്നിവരെ പിരിച്ചുവിട്ട സർക്കാർ നടപടിക്ക് അംഗീകാരമായി.

മന്ത്രിസഭ അംഗീകരിച്ച് അയച്ച ഓർഡിനൻസിൽ വിശദീകരണം തേടി ഗവർണർ കഴിഞ്ഞ ദിവസം തിരിച്ചയച്ചിരുന്നു. തുടർന്ന്, ഗവർണറെ കണ്ട ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, സർക്കാരിന്റേത് പെട്ടെന്നുള്ള തീരുമാനമായിരുന്നില്ലെന്നും ഇതിൽ രാഷ്ട്രീയവൈരാഗ്യമില്ലെന്നും വിശദീകരിച്ചു. ഇത് ഗവർണർ അംഗീകരിക്കുകയായിരുന്നു. ഓർഡിനൻസിൽ ഒപ്പുവയ്ക്കരുതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ബി.ജെ.പി നേതാക്കളും ഗവർണറോട് ആവശ്യപ്പെട്ടിരുന്നു. ഇന്നലെ രാവിലെയും ചില നിയമപ്രശ്നങ്ങൾ ഉയർത്തിയുള്ള എതിർപ്പുകൾ പല കോണുകളിൽ നിന്നും ഗവർണർക്ക് ലഭിച്ചു. അതിലൊന്ന്, ദേവസ്വം ബോർഡിൽ നയപരമായ മാറ്റത്തിന് കേന്ദ്രത്തിന്റെ അനുമതി വേണമെന്നതായിരുന്നു. എന്നാൽ, അത്തരം വാദങ്ങൾക്ക് പ്രസക്തിയില്ലെന്നാണ് ഗവർണർക്ക് കിട്ടിയ നിയമോപദേശം.

### പ്രയാറും അജയ് തറയിലും ഹർജി നൽകി

പത്തനംതിട്ട: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാലാവധി രണ്ടുവർഷമായി ചുരുക്കിക്കൊണ്ടുള്ള സർക്കാർ ഓർഡിനൻസിനെതിരെ, പ്രസിഡന്റായിരുന്ന പ്രയാർ ഗോപാലകൃഷ്ണനും അംഗമായിരുന്ന അജയ് തറയിലും ഹൈക്കോടതിയിൽ ഹർജി നൽകി. ബോർഡിന്റെ കാലാവധി തികയ്ക്കാൻ അനുവദിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ശബരിമല ക്ഷേത്രവികസനത്തിനായി സംരക്ഷണസമിതിക്ക് രൂപം നൽകുമെന്ന് അജയ് തറയിൽ പറഞ്ഞു. ദേവസ്വം മന്ത്രിയുടെ വ്യക്തിവിരോധമാണ് ഓർഡിനൻസിനു പിന്നിൽ. ബോർഡിന്റെ അധീനതയിലുള്ള കഴക്കൂട്ടം, ശംഖുമുഖം, കീഴില്ലം, ഹരിപ്പാട് തുടങ്ങിയ ക്ഷേത്രങ്ങളിലെ വസ്തു ഇടത്താവളം നിർമ്മിക്കാനെന്ന പേരിൽ ടൂറിസം വകുപ്പിനും ഇന്ത്യൻ ഓയിൽ കോർപ്പറേഷനും നൽകാനുള്ള സർക്കാർ നിർദ്ദേശം തള്ളിക്കളഞ്ഞതിൽ മന്ത്രിക്ക് അമർഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# കോടതി കടിച്ചു കുടഞ്ഞപ്പോൾ സർക്കാരും ചാണ്ടിക്കെതിരായി

കൊച്ചി : മന്ത്രി തോമസ് ചാണ്ടിക്കെതിരായ ഹൈക്കോടതി വിമർശനത്തെത്തുടർന്ന് സർക്കാർ നിലപാടും എതിരായി.

ഇന്നലെ രാവിലെ ഹർജി പരിഗണിക്കുമ്പോൾ, ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ട് മാത്രമാണിതെന്ന നിലപാടാണ് സർക്കാരിനു വേണ്ടി ഹാജരായ സ്റ്റേറ്റ് അറ്റോർണി സ്വീകരിച്ചത്. കളക്ടറുടെ റിപ്പോർട്ടിനൊപ്പം ചില രേഖകളിൽ മന്ത്രിയുടെ പേരിൽ ഭൂമിയുണ്ടെന്ന് കാണിച്ചിട്ടുണ്ട്. ഹർജി മന്ത്രിയെന്ന നിലയ്ക്കല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, സർക്കാരിനോ മന്ത്രിസഭയ്ക്കോ എതിരല്ല ഹർജിയെന്നും സ്റ്റേറ്റ് അറ്റോർണി വ്യക്തമാക്കി.

എന്നാൽ വാദം തുടരവേ സർക്കാരിന്റെ നിലപാടിനെയും ഡിവിഷൻ ബെഞ്ച് രൂക്ഷമായി വിമർശിച്ചു. നടപടിയില്ലാതെ വെറും റിപ്പോർട്ട് മാത്രമായിട്ടെന്തിനാണ് ? റിപ്പോർട്ടിന്മേൽ നടപടിയെടുക്കാതെ സർക്കാർ വെറുതേ ഇരിക്കുന്നതെന്തിനാണ്? നടപടിയെടുക്കാത്തതിനാലാണ് പൊതു താല്പര്യ ഹർജികളും വിജിലൻസ് കേസുകളുമൊക്കെ വരുന്നത്. ഇതൊക്കെ കോടതിയുടെ തോളിൽ വച്ച് ഒഴിയാനാണ് സർക്കാരിന്റെ ശ്രമമെന്നും ഡിവിഷൻ ബെഞ്ച് വാക്കാൽ വിമർശിച്ചു.

പിന്നീട് മന്ത്രിസഭയിലെ ഒരംഗം നൽകിയ ഹർജി നിലനിൽക്കുന്നതല്ലെന്ന് ഈ ഘട്ടത്തിലും സർക്കാർ വാദിക്കാത്തതാണ് അത്ഭുതമെന്നും ഹർജി നിലനിൽക്കില്ലെന്നും കോടതി നിലപാടെടുത്തിട്ടും സർക്കാർ പിന്തുണ നൽകുന്നില്ലെന്നും ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു.

ഇതോടെ സ്റ്റേറ്റ് അറ്റോർണി നിലപാട് കടുപ്പിച്ചു. തോമസ് ചാണ്ടി ഹർജി നൽകിയത് അനുചിതമാണെന്നും നിയമലംഘനത്തിന് രേഖകളുണ്ടെന്നും സ്റ്റേറ്റ് അറ്റോർണി വാദിച്ചു. പഴുതടച്ച നടപടിക്കാണ് റവന്യൂ വകുപ്പ് ശ്രമിക്കുന്നത്. വിവരങ്ങളെല്ലാം ശേഖരിക്കേണ്ടതുണ്ട്. ഏതൊക്കെ നിയമങ്ങളുടെ ലംഘനം ഉണ്ടായെന്ന് കണ്ടെത്തണം. മന്ത്രിക്കും സാധാരണ പൗരനും തുല്യ പരിഗണനയേ നൽകൂ. - സ്റ്റേറ്റ് അറ്റോർണി വിശദീകരിച്ചു.

### മുഖ്യമന്ത്രി പറഞ്ഞാൽ മാറി നിൽക്കും: തോമസ് ചാണ്ടി

നെടുമ്പാശേരി: മുഖ്യമന്ത്രി പറഞ്ഞാൽ മന്ത്രിസഭയിൽ നിന്ന് മാറി നിൽക്കുമെന്നും എന്നാൽ നൂറിരട്ടി ശക്തിയോടെ തിരിച്ചു വരുമെന്നും മന്ത്രി തോമസ് ചാണ്ടി പറഞ്ഞു. ഹൈക്കോടതിയുടെ വാക്കാലുള്ള പരാമർശത്തിന്റെ പേരിൽ മന്ത്രി സഭയിൽ നിന്ന് രാജിവെയ്ക്കില്ല. ഹൈക്കോടതി നിലപാടിനെതിരെ സുപ്രീം കോടതിയെ സമീപിക്കുമെന്നും മന്ത്രി പറഞ്ഞു.

ഇന്നലെ രാത്രി നെടുമ്പാശേരി വിമാനത്താവളത്തിൽ മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. യൂത്ത് കോൺഗ്രസ്, ബി.ജെ.പി സംഘടനകൾ വഴി തടയുമെന്ന ഭീതിയെ തുടർന്ന് രഹസ്യമായാണ് മന്ത്രി യാത്ര നിശ്ചയിച്ചത്.

**മുഖ്യമന്ത്രി എന്ത് തീരുമാനമെടുത്താലും എല്ലാവരും അംഗീകരിക്കേണ്ടിവരും. അതാണ് അന്തിമം.**

*കോടിയേരി ബാലകൃഷ്ണൻ*

**തോമസ് ചാണ്ടിക്കെതിരെയല്ല മുഖ്യമന്ത്രിക്കെതിരെയാണ് ഹൈക്കോടതിയുടെ പരാമർശങ്ങൾ. മുഖ്യമന്ത്രിയാണ് രാജി വയ്ക്കേണ്ടത്.**

*എം.ടി. രമേശ്*

**പാർട്ടികളാണ് സാധാരണ ഗതിയിൽ മന്ത്രിമാരെ നയിക്കേണ്ടത്. എന്നാൽ മന്ത്രിമാർ പാർട്ടിയെ നിയന്ത്രിക്കാൻ തുടങ്ങിയാൽ ഇങ്ങനെയൊക്കെയിരിക്കും.**

*കാനം രാജേന്ദ്രൻ*

### വിജിലൻസ് ത്വരിതാന്വേഷണം തുടങ്ങി

ആലപ്പുഴ: മന്ത്രി തോമസ് ചാണ്ടിക്കെതിരെ കോട്ടയം വിജിലൻസ് കോടതിയിൽ പരാതി നൽകിയ അഡ്വ. സുഭാഷ് എം. തീക്കാടനിൽ നിന്ന് വിജിലൻസ് ഡിവൈ. എസ്. പി സുരേഷ് കുമാർ മൊഴിയെടുത്തു. ത്വരിതാന്വേഷണത്തിന് കോടതി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഇന്നലെ ഉച്ചയ്ക്ക് 12ന് ആലപ്പുഴ വിജിലൻസ് ഓഫീസിൽ നടന്ന മൊഴിയെടുപ്പ് 2.30 വരെ നീണ്ടു.

**അലക്കുംവരെ വിഴുപ്പ് ചുമന്നല്ലേ പറ്റൂ, വഴിയിൽ കളയാനാവില്ലല്ലോ. എന്നെയോ മുഖ്യമന്ത്രിയെയോ നാറുന്നുണ്ടോ?**

*മന്ത്രി ജി. സുധാകരൻ.*

**മന്ത്രി തോമസ് ചാണ്ടിയുടെ കേസ് ഏറ്റെടുത്ത കോൺഗ്രസ് എം.പി വിവേക് തൻഖയുടേത് തികഞ്ഞ ഔചിത്യമില്ലായ്മയാണ്.**

*ഉമ്മൻചാണ്ടി*

### യൂത്ത് കോൺഗ്രസ് കരിങ്കൊടി കാട്ടി

കൊച്ചി : മന്ത്രി തോമസ് ചാണ്ടിക്കുവേണ്ടി ഹൈക്കോടതിയിൽ ഹാജരാകാനെത്തിയ സുപ്രീം കോടതിയിലെ പ്രമുഖ അഭിഭാഷകനും കോൺഗ്രസ് രാജ്യസഭാ എം.പിയുമായ വിവേക് തൻഖയ്ക്ക് നേരെ യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ പ്രതിഷേധം. രാവിലെ താജ് ഗേറ്റ് വേയിൽ നിന്ന് കോടതിയിലേക്ക് പോകാൻ പുറത്തേക്കിറങ്ങിയ തൻഖയുടെ വാഹനത്തിന് നേരെ പ്രവർത്തകർ കരിങ്കൊടികളുമായി ചാടി വീണു.

## സംസ്ഥാന നേതൃത്വത്തിന് എൻ.സി.പി യോഗത്തിൽ വിമർശനം

കൊച്ചി: മന്ത്രി തോമസ് ചാണ്ടിയുടെ രാജിക്ക് വേണ്ടി മുറവിളി ഉയർന്നില്ലെങ്കിലും എൻ.സി.പി നിർവാഹക സമിതി യോഗത്തിൽ സംസ്ഥാന നേതൃത്വത്തിനെതിരെ രൂക്ഷ വിമർശനം ഉണ്ടായി. വാദവും പ്രതിവാദവും മുറുകിയപ്പോൾ സംസ്ഥാന പ്രസിഡന്റിന്റെ ചുമതല വഹിക്കുന്ന ടി. പി. പീതാംബരൻ ക്ഷുഭിതനായി. ചില ചാനലുകളും എതിർകക്ഷികളും തോമസ് ചാണ്ടിക്കും പാർട്ടിക്കുമെതിരെ പ്രവർത്തിക്കുകയാണ്. അവരുടെ അജണ്ടയ്ക്ക് എൻ.സി.പി നേതാക്കളും പ്രവർത്തകരും വഴങ്ങരുത്. മന്ത്രിക്കൊപ്പമാണ് പാർട്ടിയെന്നും അദ്ദേഹം വ്യക്തമാക്കി.

മന്ത്രി കായൽ കൈയേറിയെന്ന ആരോപണവും ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ടും ചർച്ച ചെയ്യേണ്ടെന്ന ധാരണയോടെയാണ് ഇന്നലെ കൊച്ചിയിൽ സംസ്ഥാന സമിതി യോഗം വിളിച്ചുചേർത്തത്. കളക്ടറുടെ റിപ്പോർട്ടിനെതിരെ മന്ത്രി തോമസ് ചാണ്ടി സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി ചില പ്രതികൂല പരാമർശങ്ങൾ നടത്തിയതോടെ സ്ഥിതി മാറി. മന്ത്രി രാജി വയ്ക്കുന്നതാണ് നല്ലതെന്ന അഭിപ്രായം സംസ്ഥാന നേതാക്കളിൽ ചിലർ സ്വകാര്യമായി പ്രകടിപ്പിച്ചു.

കേന്ദ്രനയങ്ങൾക്കെതിരെ ഇന്നലെ കൊച്ചിയിൽ എൻ.സി.പി സംഘടിപ്പിച്ച പ്രതിഷേധത്തിന് ശേഷം ഭാരവാഹികൾ നടത്തിയ അനൗപചാരിക ചർച്ചകളിൽ മന്ത്രി രാജിവയ്ക്കുന്നതാണ് നല്ലതെന്ന അഭിപ്രായം ഉയർന്നിരുന്നു. തുടർന്ന് ചേർന്ന സംസ്ഥാന നിർവാഹക സമിതിയിൽ ഒരു മാസത്തോളമായിട്ടും പ്രശ്നം ചർച്ച ചെയ്യാൻ യോഗം വിളിക്കാത്തതിനെ പലരും വിമർശിച്ചു. ഇതിനെ ചിലർ ചോദ്യം ചെയ്തത് ബഹളത്തിൽ കലാശിച്ചപ്പോഴാണ് ടി. പി. പീതാംബരൻ ക്ഷുഭിതനായത്.

പരാമർശങ്ങളുടെ പേരിൽ രാജി വക്കില്ലെന്നാണ് ടി. പി. പീതാംബരൻ മാദ്ധ്യമങ്ങളോട് പ്രതികരിച്ചത്. വിധി വരട്ടെ. അതുവരെരാജിക്കാര്യംആലോചിക്കില്ല. മന്ത്രിയുമായി ബന്ധപ്പെട്ട് ചില തർക്കങ്ങളാണ് നിലവിലുള്ളത്. വസ്തുതകളും രേഖകളും പരിശോധിച്ചേ തീരുമാനമെടുക്കാൻ കഴിയൂവെന്ന് അദ്ദേഹം പറഞ്ഞു.

## ചാണ്ടിയുടെ എം.എൽ.എ സ്ഥാനവും തെറിപ്പിക്കാൻ കോൺഗ്രസ്

▸ **ശ്രീകുമാർപള്ളീലേത്ത്**

തിരുവനന്തപുരം: മന്ത്രിക്കസേര തെറിച്ചാൽ ചാണ്ടിയെക്കൊണ്ട് എം.എൽ.എ സ്ഥാനവും രാജിവയ്പ്പിക്കാനുള്ള നീക്കങ്ങളെക്കുറിച്ച് ആലപ്പുഴ ജില്ലാകോൺഗ്രസ് നേതൃത്വം പ്രാരംഭ ചർച്ചകൾ തുടങ്ങി.

സംസ്ഥാന നേതൃത്വവുമായി ആലോചിച്ച് ഇക്കാര്യത്തിൽ ശക്തമായ നടപടികളുമായി മുന്നോട്ടു പോകുമെന്ന് ആലപ്പുഴ ഡി.സി.സി പ്രസിഡന്റ് എം. ലിജു പറഞ്ഞു. യു.ഡി.എഫ് നേതൃത്വവുമായും ചർച്ചനടത്തും. ചാണ്ടിക്ക് നിയമസഭാ സാമാജികനായി തുടരാൻ ഹൈക്കോടതി വിധി തടസമാവില്ലെങ്കിലും ജില്ലാ ഭരണകൂടം തന്നെ നിയമലംഘനം കണ്ടെത്തിയ സ്ഥിതിക്ക് എം.എൽ.എ ആയി തുടരുന്നതിന്റെ ധാർമ്മികതയാവും കോൺഗ്രസ് ഉയർത്തിക്കാട്ടുക. ചാണ്ടിയുടെ കൈയേറ്റത്തിനെതിരെ തുടങ്ങിവച്ച സമരത്തിന്റെ ഗുണഫലം കൊയ്യാൻ ഇങ്ങനൊരു മുന്നേറ്റം ആവശ്യമാണെന്ന അഭിപ്രായമാണ് ജില്ലയിലെ മുതിർന്ന നേതാക്കൾക്ക്. ഇതേ ആവശ്യവുമായി ബി.ജെ.പിയും സമരത്തിനിറങ്ങിയത് അവർ ചൂണ്ടിക്കാട്ടുന്നു. കൈയേറ്റത്തിനെതിരായ സമരത്തിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി, വി.എം.സുധീരൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

ചാണ്ടിയെ എം. എൽ.എ സ്ഥാനത്ത് നിന്ന് അയോഗ്യനാക്കാൻ കോടതിയെ സമീപിക്കുന്നതടക്കമുള്ള കാര്യങ്ങളാണ് ആലോചിക്കുന്നത്. തിരഞ്ഞെടുപ്പു കമ്മിഷന് സമർപ്പിച്ച സത്യവാങ്മൂലത്തിലെ വിവരങ്ങളാവും ഇതിന് ആയുധമാക്കുക. മൂന്ന് തിരഞ്ഞെടുപ്പുകളിൽ മത്സരിച്ചപ്പോഴും തിരഞ്ഞെടുപ്പു കമ്മിഷന് സമർപ്പിച്ച വിവരങ്ങൾ വ്യത്യസ്ഥമാണെന്നാണ് ആക്ഷേപം. ആ കാലത്തൊന്നും ആരും ഇത് കോടതിയിൽ ചോദ്യം ചെയ്തില്ലെന്നത് മറ്റൊരുവശം.

1982 മുതൽ തുടർച്ചയായ അഞ്ച് തവണ കുട്ടനാട്ടിൽ നിന്ന് ജയിച്ചഡോ.കെ.സി.ജോസഫിനെ 2006 ൽ പരാജയപ്പെടുത്തിയാണ് തോമസ് ചാണ്ടി ആദ്യം നിയമസഭയിലെത്തിയത്. അന്ന് ചാണ്ടി ഡി.ഐ.സിആയിരുന്നു. 2011ലും 2016ലും എൻ.സി.പി സ്ഥാനാർത്ഥിയായാണ് ജയിച്ചത്.